(*d*) The offtake for each Taluk is generally calculated for a fortnight and on that basis the average weekly offtake of foodgrains for December 1950 is given below.—

Date Week commencing	Neyyattinkara		Trivandrum (including City)		Nedumangad		Chirayinkil	
	Rice	Wheat	Rice	Wheats	Rice	Wheat	Rice	Wheat
	in St. bags		in St. bags		in St. bags		in St. bags	
3—12—1950	3114+ 136 paras paddy		5270	933	1880	..	3510	..
10—12—1950	3114+ 136 ,,		5270	933	1880	..	3510	..
17—12—1950	3002+9180 ,,		5270	933	1880	..	3470+440 paras paddy	
24—12—1950	3002+9180 ,,		5270	933	1880	..	3470+440 ,,	

(*e*) There is no appreciable difference between the quantity of foodgrains allotted for each week in January 1951 to each of these Taluks and the quantity of foodgrains spent during each week in December 1950 in those Taluks for issue to card-holders. Hence the question of percentage of difference does not arise.

Starred Questions posted for Answer on 9—3—1951

നെൽ കൃഷി

*൧൨൩. (൯) ശ്രീ. വി. കെ. വട്ടീസ്. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരേക്കർ സ്ഥലത്തു് നെൽകൃഷി ചെയ്യുന്നതിനു് എത്ര ചിലവുണ്ടു്;

(ബി) ഒരേക്കർ സ്ഥലത്തുനിന്നും എത്ര നെല്ലു് വിളവുകിട്ടും ?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) വ ം രൂപാമുതൽ ഫ ൭ ൫ വരെ.

(ബി) ൨ ം പറ മുതൽ ഫ ൫ ം വരെ.

നെല്ലിന്റെ വില

*൧൨൪. (൫൨) ശ്രീ. ടി. എസ്സ്. ബസ്സു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഗവൺമെൻറു് പുതുതായി നിശ്ചയിക്കുവാൻപോകുന്ന നെൽവില തോതു് അനുസരിച്ചു് കൊല്ലത്തിൽ ഇന്നത്തെ വിലയെക്കാൾ എത്ര സംഖ്യ കൂടുതൽ വരും;

(ബി) കൂടുതൽ വരുന്ന സംഖ്യ എങ്ങനെ നികുത്തുവാനാണു് ഗവർമ്മെൻറു് നിശ്ചയിച്ചിരിക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ–ബി.) നെല്ലുവില കൂട്ടുന്നകാര്യത്തിൽ അവസാന തീരുമാനമായിട്ടില്ലാത്തതുകൊണ്ട് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

കൃഷി നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് വിത്ത്

*ക്വ. ൪൮. (൪൭) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

വെള്ളപ്പൊക്കംമൂലമോ ഉണക്കം മൂലമോ കൃഷിമുഴുവൻ നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് ആവശ്യമായ വിത്ത് ഗവണ്മെൻറിൽനിന്നും കടമായി വിതരണം ചെയ്യുവാൻ എന്തെങ്കിലും ഏർപ്പാട് ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള): [ഉണ്ട്. ഉണക്കുമൂലമോ, വെള്ളപ്പൊക്കംമൂലമോ കൃഷി നഷ്ടപ്പെടുന്ന സന്ദർഭങ്ങളിൽ, വിളവിൻറെ ഈടിന്മേൽ വിത്തു കടമായി കൊടുക്കുന്നതിനുവേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കുട്ടരി നിർമ്മാണം

*ക്വ൬൭. (൫൦) ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരു ടൺ കുട്ടരി നിർമ്മാണത്തിനു് എത്ര ടൺ മരച്ചീനി ആവശ്യമുണ്ടു്;

(ബി) കുട്ടരി നിർമ്മാണം ഭക്ഷ്യക്ഷാമത്തെ ഏതെങ്കിലും തരത്തിൽ ലഘൂകരിക്കുമെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) മൂന്നു ടൺ മരച്ചീനി.

(ബി) നെല്ലരിക്കു പകരം ഉപയോഗിക്കുന്നതിനു് കുട്ടരി പറ്റിയതാണെന്നു് കാണുന്നതിനാൽ, അതിൻറെ നിർമ്മാണം നെല്ലരിയുടെ ദുർഭിക്ഷതയ്ക്കു് ഒരു പരിഹാരമായിത്തീരാവുന്നതാണു്.

Starred Questions posted for Answer on 10—3—1951

മത്സ്യവ്യവസായികൾക്കു് നൽ

*ക്വ. ൫൩. (൫൩) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നൽ നിയന്ത്രണം വീണ്ടും ഏർപ്പെടുത്തിയതിനു ശേഷം ഇതുവരെ ഒരിക്കൽപോലും നൽ വിതരണം നടത്തപ്പെട്ടിട്ടില്ലാത്ത എത്ര മത്സ്യവ്യവസായ കേന്ദ്രങ്ങൾ ഉണ്ടു്;

(എി) എന്തുകൊണ്ടാണു് മത്സ്യവ്യവസായികൾക്കു് താരതമ്യേന വളരെ കുറച്ചു നൽ നല്കപ്പെടുന്നതു്;

(സി) നമ്മുടെ സ്റ്റോറിൽ കൈത്തറി നെയ്ത്തുകാർക്കും വലകെട്ടുന്നവർക്കും ഓരോ മാസത്തിലും ആവശ്യമുള്ള നൂലിൻറെ അനുപാതം കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly